# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ.266 | 07.02.2018-ൽ<br>മറുപടിക്ക് |

## ഭൂമി രജിസ്ട്രേഷൻ രംഗത്തെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നോട്ട നിരോധനം മൂലം ആധാരം രജിസ്ട്രേഷനുകൾ കുറഞ്ഞതും ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തീകരിക്കാത്തതും ഭൂമിയുടെ ക്രയവിക്രയത്തെ ബാധിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | എ) നോട്ട നിരോധനം മൂലം ആധാരം രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. നിരോധനം മാറ്റിയ സാഹചര്യത്തിൽ ഇക്കാര്യം സ്വയം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാകാത്തത് ഭൂമിയുടെ ക്രയവിക്രയത്തെ ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) രജിസ്ട്രേഷൻ വകുപ്പിലെ സെർവറിന്റെ പരിമിതി കൊണ്ടും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന നിസ്സഹകരണം കൊണ്ടും ആധാരം സ്വയം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്ന പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) രജിസ്ട്രേഷൻ വകുപ്പിൽ വ്യാപകമായിരി-ക്കുന്ന അഴിമതി അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ? | സി) രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതി-നായി വകുപ്പിന് കീഴിലുള്ള സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുമുള്ള സൗകര്യവും നടപ്പിലാക്കി കഴിഞ്ഞു. ഇതിലൂടെ അപേക്ഷകർക്ക് നേരിട്ട് ഓഫീസുകളിൽ ഹാജരാകാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി, സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള |

നടപടികൾ പൂർത്തീകരിച്ചു വരികയാണ്. പൊതുജനങ്ങൾക്ക് വകുപ്പിൽ നിന്ന് നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കാര്യക്ഷമമായി പ്രവൃത്തിക്കുന്ന ഹെൽപ് ഡെസ്ക് സംവിധാനവും വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നല്കുന്ന സേവന പ്രദാനങ്ങൾക്ക് വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമാവധി സേവനങ്ങൾ ഇൻറർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. അതിലേക്കായി വകുപ്പിലെ 1000 ത്തോളം ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**